# പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T.283**
**27.09.2016-ൽ മറുപടി നൽകേണ്ടത്**

**ജീവനക്കാരുടെ പി.എഫ് ക്രെഡിറ്റ് കാർഡ്**

**ചോദ്യം** | **ഉത്തരം**

**പ്രൊ.ആബിദ്ഹുസൈൻ തങ്ങൾ**

**ശ്രീ.തോമസ് ഐസക്ക്**
**(ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി)**

| നം | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെ പി.എഫ്. ക്രെഡിറ്റ് കാർഡ് തയ്യാറാക്കുന്നതും പെൻഷൻ അനുവദിക്കുന്നതും അക്കൗണ്ടന്റ് ജനറലിന്റെ കേരളത്തിലെ വിവിധ ഓഫീസുകളിൽ നിന്നായതിനാലുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനായി ഈ കാര്യങ്ങൾ കേരള സർക്കാരിന്റെ കീഴിൽ കൊണ്ടുവരുന്നതിന് കേന്ദ്ര സർക്കാരുമായി ധാരണയിലെത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | നിലവിൽ സംസ്ഥാന ജീവനക്കാരുടെ പി.എഫ്. ക്രെഡിറ്റ് കാർഡ് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ജനറലാണ് പ്രസിദ്ധപ്പെടുത്തുന്നത്. ടി നിയമത്തിൽ മാറ്റം വരുത്തുന്നതിനായി സർക്കാർ ഇതുവരെ ആലോചിച്ചിട്ടില്ല. |
| (ബി) | മറ്റ് ഏതെങ്കിലും സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ, വി.ആർ.എസ്, ഗ്രാറ്റുവിറ്റി എന്നിവ സംസ്ഥാനം തന്നെ കൈകാര്യം ചെയ്തുവരുന്നതായി അറിവുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | മറ്റ് ഏതെങ്കിലും സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ പെൻഷൻ, വി.ആർ.എസ്, ഗ്രാറ്റുവിറ്റി എന്നിവ സംസ്ഥാനം തന്നെ കൈകാര്യം ചെയ്യുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ലായെന്നും ധനകാര്യവകുപ്പ് ഇത് സംബന്ധിച്ച് കത്തിടപാടുകൾ നടത്തിയിട്ടില്ലായെന്നും അറിയിക്കുന്നു. |

സെക്ഷൻ ഓഫീസർ